

JUBILEE MISSION MEDICAL COLLEGE
SERVICE WITH LOVE

# Jubilet

Jubilee Mission Medical College & Research Institute - Since 1951 Vol. 8 Issue 4 Apr 2022




സ്നേഹമുള്ളവരെ,

ഈ മെയ് മാസം എട്ടാം തീയതി മാതൃദിനമായി നാം ആഘോഷിച്ചുവല്ലോ.

ശൈശവം മുതൽ അവസാനം വരെ കരുതലിന്റെ വാക്കാണ് അമ്മ. നിതാന്ത ജാഗ്രതയോടു കൂടിയുള്ള കൂട്ടിരിപ്പാണ് അമ്മ. ഏതൊരവസ്ഥയിലും തന്റെ സന്തതിയെ കരുതലോടെ സൂക്ഷിക്കുകയും കൈവിടാതിരിക്കുകയും ചെയ്യുന്നത് അമ്മ മാത്രമാണ്. ഇത്തരുണത്തിൽ നമ്മുടെ ആശുപത്രിയെയും ഒരു സവിശേഷവീക്ഷണത്തിന് പാത്ര മാക്കാൻ ആഗ്രഹിക്കുകയാണ്.

'ഞാൻ ജനിച്ചത് ഇവിടെയാണ്', 'അന്നുമുതൽ ഇന്നുവരെയും ഏതൊരാവശ്യത്തിനും ഞാൻ വരുന്നത് ഇവിടെയാണ്' എന്ന് അഭിമാന പൂർവ്വം പറയുന്ന ഒരുപാട് പേരെ ഇവിടെ വന്നതിനുശേഷം ഞാൻ പരിചയപ്പെട്ടിട്ടുണ്ട്.

പാവങ്ങളുടെ ഈ ആശുപത്രി കരുതൽ നൽകി പരിപാലിച്ച് വളർത്തി എടുത്ത വലിയ ഒരു സമൂഹം തന്നെ ഇന്ന് നമുക്ക് ചുറ്റുമുണ്ട്. അങ്ങനെ, ജനനം മുതൽ ഏറ്റവും പരിഗണന ആവശ്യമുള്ള അന്ത്യം വരെയും, കൂടെ നിൽക്കുന്ന അമ്മ മനസ്സാണ് ഈ തൃശിവപേരൂരിന് ജൂബിലി മിഷൻ ആശുപത്രി കാത്തുവക്കുന്നത്.

മാതൃദിനം ആഘോഷിക്കുന്ന ഈ വേളയിൽ ജൂബിലി ആശുപത്രി ആകുന്ന ഈ അമ്മയെ കരുതലിന്റെ അവസാനവാക്ക് ആക്കി മാറ്റാൻ നമ്മളാൽ ആവും വിധം പരിശ്രമിക്കും എന്ന് പ്രതിജ്ഞയെടുക്കാം.

നമുക്ക് ചുറ്റുമുള്ള രോഗികളെ വാണിജ്യാവൃതികളിൽ അളന്നൊടുക്കാതെ അവരെ സ്നേഹപൂർവ്വം ആവോളം ചേർത്തുപിടിക്കാൻ, കരുതൽ നൽകാൻ കെല്പുള്ള മാതൃ നിർവിശേഷമായ ഉത്തരവാദിത്വം നമുക്ക് പങ്കുവെക്കാം.



മെയ് 12 -ാം തീയതി നമ്മൾ ആഘോഷിക്കുന്ന നഴ്സസ് ഡേയും നമ്മെ ഓർമിപ്പിക്കുന്നത് ഈ വിശേഷ ഉത്തരവാദിത്വം അല്ലാതെ പിന്നെ മറ്റെന്താണ്? ഇവിടേയ്ക്ക് കടന്നുവരുന്ന ഓരോ രോഗിയും കരുതലിന്റെ അമ്മ മുഖങ്ങളെ കാണുകയും മാലാഖാസാന്നിദ്ധ്യങ്ങളെ അനുഭവിക്കുകയും ചെയ്യാൻ ഇടവരട്ടെ.

ജൂബിലി മിഷൻ ഇനിയും അതിന്റെ പൂർവ്വ ചൈതന്യം അണയാത്ത നിലവിളക്ക് പോലെ കാത്തു സൂക്ഷിക്കട്ടെ . അതിന്റെ വെള്ളിവെളിച്ചം, സ്നേഹസേവനം, മാതൃസ്നേഹമായും സഹോദരസ്നേഹമായും ഉയിർത്തെഴുന്നേൽക്കട്ടെ...

ഏവർക്കും സർവ്വ ഐശ്വര്യങ്ങളും നേർന്നുകൊണ്ട്....

**ഫാ. ജിമ്മി എടക്കളത്തൂർ**

അസി. ഡയറക്ടർ

# ജൂബിലി മിഷൻ ആശുപത്രി




എഴുപതിന്റെ നിറവിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി. ഇതോടനുബന്ധിച്ച് ഏഴു പുതിയ പദ്ധതികൾക്കു തുടക്കം കുറിക്കുകയാണ്.

ഇതിന്റെ ഭാഗമായി 13നു രാവിലെ ജൂബിലി ആശുപത്രിയുടെ നടത്തറ പൊതു ആരോഗ്യകേന്ദ്രത്തിൽ ആരംഭിക്കുന്ന സൗജന്യ ഒ. പി. യുടെ ഉദ്ഘാടനം മന്ത്രി കെ. രാജൻ നിർവഹിക്കും. തിങ്കൾ മുതൽ ശനി വരെ ഉച്ചയ്ക്ക് 12.30 വരെ ഒ. പി. പ്രവർത്തിക്കുന്നതാണ്.

തുടർന്നുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക ക്ലിനിക്, തീപ്പൊള്ളൽ ചികിത്സാവിഭാഗത്തിന്റെ വിപുലീകരണം, മോൺ. മാത്യു മുരിങ്ങാത്തേരി മെമ്മോറിയൽ ഹെൽത്ത് കെയർ മിഷനറി അവാർഡ്, ഡോ. എഡൻവാല മെമ്മോറിയൽ ഒറേഷൻ, സൗജന്യ രക്ത ആന്റിജൻ പരിശോധന, ഉച്ചകഴിഞ്ഞുള്ള

# എഴുപതിന്റെ നിറവിൽ




ഒ.പി.ക്ക് അമ്പതുശതമാനം ഫീസ് ഇളവ്, ഈ വർഷം ഡിസംബർ വരെ എല്ലാ മാസവും 70 സൗജന്യ ഡയാലിസിസും നടത്തുന്നതായിരിക്കും. പാമ്പുകടിയേറ്റവർക്കുള്ള സൗജന്യ ആന്റിവെനം, സൗജന്യ മുറിച്ചുണ്ട് ശസ്ത്രക്രിയ എന്നിവ തുടരും. ഇതിനകം ഇരുപതിനായിരം മുറിച്ചുണ്ട് ശസ്ത്രക്രിയകളാണ് ജൂബിലി മിഷൻ ആശുപത്രിയിൽ നടത്തിയത്.

എഴുപതാം വാർഷികത്തോടനുബന്ധിച്ച് അവയവമാറ്റ ശസ്ത്രക്രിയകൾക്കുവേണ്ട വികസന പ്രവർത്തനങ്ങളും ഉടൻ ആരംഭിക്കും. 1951ൽ 20 കിടക്കകൾ മാത്രമുള്ള ഡിസ്പെൻസറിയായിട്ടായിരുന്നു ജൂബിലിയുടെ തുടക്കം. ഇപ്പോൾ 48 ഡിപ്പാർട്ട്മെന്റുകളും 13 സ്പെഷ്യാലിറ്റികളും 27 സൂപ്പർ സ്പെഷ്യാലിറ്റികളും 1,600 കിടക്കകളുമുള്ള മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളിൽ ഒന്നായി ജൂബിലി ഇതിനകം മാറി.




# സാമൂഹിക സേവനമികവിന് AHPI അവാർഡ്

അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് ഓഫ് ഇന്ത്യയുടെ (AHPI) സാമൂഹ്യ സേവനമികവിനുള്ള അവാർഡ് തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിക്ക് ലഭിച്ചു. മുംബൈയിൽ നടന്ന ചടങ്ങിൽ ജൂബിലി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ AHPI ഡയറക്ടർ ജനറൽ ഡോ. ഗിരിധർ ഗ്യാനിയിൽ നിന്നും അവാർഡ് ഏറ്റുവാങ്ങി. ഡോ. അലക്സാണ്ടർ തോമസ് (നാഷണൽ പ്രസിഡണ്ട്, AHPI) ഡോ. അതുൽ മോഹൻ കോചാർ (സി.ഇ.ഒ., എൻ.എ.ബി. എച്ച്.) ജൂബിലി സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, അസി. ഡയറക്ടർ ഫാ. ഡെമിൻ തറയിൽ എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.




# ഉന്നതഗുണനിലവാരത്തിന് എൻ.എ.ബി.എച്ച്. അംഗീകാരം

ആരോഗ്യമേഖലയിലെ വിവിധ മാനദണ്ഡങ്ങൾ പ്രകാരം ആശുപത്രികളുടെ ഉന്നതഗുണനിലവാരം വിലയിരുത്തുന്ന നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സിന്റെ (NABH) അംഗീകാരം ജൂബിലിക്ക് ലഭിച്ചു. ജൂബിലി മിഷൻ ആശുപത്രിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര മന്ത്രി ശ്രീ. ജോൺ ബാർള ഔദ്യോഗിക പ്രഖ്യാപനം നടത്തി. ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ സ്വാഗതം ആശംസിച്ചു. ബി.ജെ.പി. നാഷണൽ എക്സിക്യൂട്ടീവ് മെമ്പർ ശ്രീ. സി. പി. രാധാകൃഷ്ണൻ, ആശുപത്രിയുടെ മുൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, മെഡിക്കൽ സൂപ്രണ്ട് ഡോ. പി. സി. ഗിൽവാസ്, ചീഫ് ഓഫ് മെഡിക്കൽ സർവീസ് ഡോ. അലക്സ് ജോസഫ്, ക്വാളിറ്റി വിഭാഗത്തിലെ ഡോ. നിമിഷ സോളമൻ എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.

# CAHOCON 2022




Consortium of Accredited Healthcare Organisations (CAHO)യുടെ ആഭിമുഖ്യത്തിൽ "Building Culture of Safety In Healthcare" എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ 6-ാമത് ഇന്റർനാഷണൽ കോൺഫറൻസ് CAHOCON 2022 കൊച്ചി ഗ്രാൻഡ് ഹയാത്തിൽ വച്ച് നടന്നു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ CEO ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ കോൺഫറൻസിന്റെ ഓർഗനൈസിങ്ങ് സെക്രട്ടറിയായിരുന്നു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ, ഡോ. ഗിൽവാസ് പി സി, ഡോ. ചിത്ര വത്സൻ, ഡോ. നിമിഷ സോളമൻ, ജോഷി പോൾ, ബിജോ പി ജോൺ, സിറിൻ സി. ചെറിയാൻ എന്നിവർ പങ്കെടുത്തു.








# ജൂബിലിയിൽ ഇഫ്ത്താർ വിരുന്ന്

ജൂബിലി മിഷൻ ആശുപത്രിയിൽ ജോലി ചെയ്യുന്ന മുസ്ലിം മതസ്ഥരായ ഡോക്ടർമാർ, ജീവനക്കാർ, വിദ്യാർത്ഥികൾ എന്നിവർക്കായി ആശുപത്രിയിൽ ഇഫ്ത്താർ വിരുന്ന് നടന്നു. ഇമാം അഡ്വ. മുഹമ്മദ് പാരിസ് ഓണംപിള്ളി മുഖ്യാതിഥിയായി എത്തിച്ചേർന്നു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, ജൂബിലി അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുകാരൻ, സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, മെഡിക്കൽ സൂപ്രണ്ട് ഡോ. പി. സി. ഗിൽവാസ് എന്നിവർ സംസാരിക്കുകയും തുടർന്ന് ഇഫ്ത്താർ വിരുന്നിൽ പങ്കെടുക്കുകയും ചെയ്തു.





# Inauguration ICU Diamond Jubilee



ജൂബിലി മിഷൻ ആശുപത്രിയുടെ ചിരകാല അഭിലാഷമായിരുന്ന Surgery ICU Complex ദൈവാനുഗ്രഹത്താൽ യാഥാർത്ഥ്യമായിരിക്കുന്നു. ജൂബിലി മിഷൻ ഡയറക്ടർ ബഹുമാനപ്പെട്ട ഫാ. റെന്നി മുണ്ടൻകുര്യൻ വെഞ്ചിരിപ്പ് ശുശ്രൂഷാകർമ്മം നിർവഹിക്കുകയും ഈ ഡിപ്പാർട്ട്മെന്റിൽ പ്രവർത്തിക്കുന്ന എല്ലാ ജീവനക്കാരും ആത്മാർത്ഥതയോടെ പ്രവർത്തിക്കുകയും ഇവിടെ വരുന്ന എല്ലാ രോഗികളും സുഖം പ്രാപിച്ച് പുതുജീവിതത്തിലേക്ക് കൈപിടിച്ചുകയറ്റുവാൻ എല്ലാവിധ ദൈവാനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്ന് അച്ചൻ ആശംസിക്കുകയും ചെയ്തു.





ബഹുമാനപ്പെട്ട എല്ലാ വൈദികരും, നേഴ്സിംഗ് സുപ്രണ്ട് സി. ഫിലോ പോൾ, ഡിപ്പാർട്ട്മെന്റ് നേഴ്സിങ്ങ് സൂപ്രണ്ടുമാരും, ജനറൽ സർജറി, ഓർത്തോ ഡിപ്പാർട്ട്മെന്റ് ഡോക്ടേഴ്സും ഇൻചാർജ് സിസ്റ്റേഴ്സും സ്റ്റാഫും മറ്റു അഭ്യുദയകാംക്ഷികളും ഈ പുണ്യകർമ്മത്തിനു സാക്ഷികളായി. അങ്ങനെ ജൂബിലിയുടെ ഒരു സ്വപ്നം കൂടി പൂവണിയുന്നു. ഈ ഉദ്യമത്തിന് അഹോരാത്രം പ്രവർത്തിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.






# DLCO Machine

## (Diffusing Capacity of the Lungs for Carbon Monoxide)

നൂതന സാങ്കേതിക വിദ്യകളിലൂടെ ശ്വാസകോശത്തിന്റെ ശേഷിയും, ശ്വാസ പ്രവാഹത്തിന്റെയും, രക്തപ്രവാഹത്തിന്റെയും അളവുകൾ അളക്കാനും രോഗനിർണയത്തിനും വേണ്ടി ഉപയോഗിക്കാവുന്ന ഒരു ആധുനിക യന്ത്രം ആണ് DLCO. വായുവിൽനിന്നും രക്തപ്രവാഹത്തിലേക്ക് വാതകം കൈമാറാനുള്ള ശ്വാസകോശത്തിന്റെ കഴിവ് വിലയിരുത്തുകയാണ് DLCO ചെയ്യുന്നത്.

## DLCO ഉപയോഗിക്കാവുന്നത്



- COPD
- കോവിഡിനു ശേഷം ഉണ്ടാകുന്ന ശ്വാസകോശ തടസ്സങ്ങൾക്ക് മുൻ ശ്വാസകോശ രോഗങ്ങളുള്ളവർക്ക് സർജറി ഫിറ്റ്നസ്സിനായി.
- ശ്വാസകോശ ഫൈബ്രോസിസ്/ ശ്വാസകോശം ചുരുങ്ങിപ്പോകുന്ന രോഗങ്ങൾക്ക്.



# അറിവിൽ വളരാൻ പുസ്തക പ്രദർശനം

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് OLD CCM ഹാളിൽ ജെ പി ബ്രദേഴ്സ് കൊച്ചിന്റെ നേതൃത്വത്തിൽ വൈദ്യശാസ്ത്ര സംബന്ധിയായ വിവിധയിനം പുസ്തകങ്ങളുടെ പ്രദർശനവും വില്പനയും നടത്തി. പുസ്തകങ്ങൾ വാങ്ങുന്നവർക്ക് പരമാവധി വിലക്കുറവും ലഭ്യമാക്കിയിരുന്നു. മെഡിക്കൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വളരെയധികം പ്രയോജനപ്പെടുന്ന തരത്തിലുള്ള പുസ്തകശേഖരം ഒരുക്കിയിരുന്നു .







# ലോക ഹീമോഫീലിയ ദിനം

## സൗജന്യ മെഡിക്കൽ ക്യാമ്പും പുസ്തക പ്രകാശനവും

ലോക ഹീമോഫീലിയ ദിനമായ ഏപ്രിൽ 17 –നോട് അനുബന്ധിച്ച് ജൂബിലിയിൽ ഹീമോഫീലിയ രോഗികൾക്കായുള്ള സൗജന്യ ഇൻഹിബിറ്റർ സ്ക്രീനിങ്ങ് ക്യാമ്പ് നടത്തി. തൃശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷനായ ചടങ്ങ് ഗോവ ഗവർണർ അഡ്വ. പി എസ്. ശ്രീധരൻപിള്ള ഉദ്ഘാടനം നിർവ്വഹിച്ചു. ഡോ. നീരജ് സിദ്ധാർത്ഥൻ എഴുതിയ 'രക്തം പ്രാണനാകുന്നു. ഹീമോഫീലിയയും മറ്റു രക്തവൈകല്യങ്ങളും' എന്ന പുസ്തകം ഗവർണർ അഡ്വ. പി. എ. ശ്രീധരൻപിള്ള കേരള ആരോഗ്യസർവ്വകലാശാല വൈസ് ചാൻസിലർ ഡോ. മോഹനൻ കുന്നുമ്മലിന് കൈമാറിക്കൊണ്ട് പ്രകാശനം ചെയ്തു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതമാശംസിച്ചു. ഹീമോഫീലിയ കമ്മറ്റി ചെയർമാൻ ഇ. രഘുനന്ദനൻ നന്ദി പ്രകാശിപ്പിച്ചു. കർണാടകയിലെ ജെ.ജെ.എം. മെഡിക്കൽ കോളേജിലെ പാത്തോളജി വിഭാഗം മേധാവി ഡോ. സുരേഷ് ഹനഗവാധി, കുന്ദംകുളം ഹീമോഫീലിയ സൊസൈറ്റി പ്രസിഡണ്ട് പ്രൊഫ. ഗോകുൽദാസ് എൻ.എൻ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി ബ്ലഡ് ബാങ്ക് ഇൻചാർജ് ഡോ. സുശില ജേക്കബ്ബ് ഇന്ന,




ഡോ. അബൂബക്കർ മുഹമ്മദ് റാഫി, റിട്ട. ഡി.പി.ഐ. ബ്രഹ്മശ്രീ ചിത്രൻ നമ്പൂതിരിപ്പാട്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ മുൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പാൾ ഡോ. കെ. പത്മകുമാർ, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം മേധാവി ഡോ. രമേഷ് ഭാസ്ക്കരൻ, പീഡിയാട്രിക് വിഭാഗത്തിലെ ഡോ. രതി ശാന്തകുമാർ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, കുന്ദംകുളം ഹീമോഫീലിയ സൊസൈറ്റിയുടെ വൈസ് പ്രസിഡണ്ട് ഡോ. അശോക് വർമ്മ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.



# നടത്തറ അർബൻ ഹെൽത്ത് സെന്ററിൽ സൗജന്യ ഒ.പി.



ജൂബിലി മിഷൻ ആശുപത്രിയുടെ കീഴിൽ നടത്തറ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന അർബൻ ഹെൽത്ത് സെന്ററിന്റെ സൗജന്യ ഒ.പി. സേവനം ബഹു. റവന്യൂമന്ത്രി അഡ്വ. കെ രാജൻ ഉദ്ഘാടനം ചെയ്തു. ആഴ്ചയിൽ ഞായർ ഉൾപ്പെടെ എല്ലാ ദിവസവും രാവിലെ 8.30 മുതൽ ഉച്ചക്ക് 12.30 വരെ വിവിധ വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനങ്ങൾ സൗജന്യമായി ലഭിക്കുന്നതായിരിക്കും. മോൺ. ജോസ് വല്ലൂരാൻ, ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, നടത്തറ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശ്രീവിദ്യ രാജേഷ്, വൈസ് പ്രിൻസിപ്പൽ ഡോ. സി. വി. ആൻഡ്രൂസ്, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. ലൂസി റാഫേൽ എന്നിവർ സന്നിഹിതരായിരുന്നു.








# ലോകാരോഗ്യദിനത്തിൽ ഫ്ളാഷ്മോബ് സംഘടിപ്പിച്ച് മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾ

സാംക്രമിക രോഗങ്ങളും ജീവിതശൈലീ രോഗങ്ങളും വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ ആരോഗ്യവാനായി ഇരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഉദ്ബോധിപ്പിക്കാനായാണ് എല്ലാ വർഷവും ഏപ്രിൽ 7-ന് ലോകാരോഗ്യദിനം ആചരിക്കുന്നത്. ഈ വർഷം ലോകാരോഗ്യസംഘടന തിരഞ്ഞെടുത്ത വിഷയം - നമ്മുടെ ഭൂമി നമ്മുടെ ആരോഗ്യം - എന്നതാണ്. കോവിഡ് മഹാമാരിയുൾപ്പെടെ യുള്ള ആരോഗ്യപ്രശ്നങ്ങൾ, പരിസ്ഥിതി മലിനീകരണം, കാലാവസ്ഥ പ്രതിസന്ധികൾ എന്നിവയ്ക്കിടയിൽ മനുഷ്യരെയും ഭൂമിയേയും ആരോ ഗ്യകരമായി നിലനിർത്തുന്നതിലാണ് ഈ വർഷം ശ്രദ്ധ കേന്ദ്രീകരിച്ചി രിക്കുന്നത്. ഈ ദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവും കോളേജ് യൂണിയനും ഒന്നിച്ച് വിവിധയിനം മത്സരങ്ങൾ സംഘടിപ്പിച്ചു. കൂടാതെ ജില്ലാ ആരോഗ്യകാര്യാലയത്തോടൊപ്പം ചേർന്ന് തേക്കിൻകാട് മൈതാന ത്തിൽ ഫ്ളാഷ്മോബും അവതരിപ്പിച്ചു.



# കൈകോർത്ത് ജൂബിലി മിഷനും വൈദ്യരത്നവും

തൈക്കാട്ടുശ്ശേരിയിലെ വൈദ്യരത്നം ആയുർവേദ ഗവേഷണ കേന്ദ്രവും ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഗവേഷണ വിഭാഗവും സംയുക്ത ഗവേഷണത്തിനുള്ള ധാരണാപത്രം ഒപ്പു വെച്ചു. തൃശ്ശൂർ അതിരൂപത വികാരി ജനറൽ മോൺ. ജോസ് കോനിക്കര അധ്യക്ഷത വഹിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. റെന്നി മുണ്ടൻ കുര്യൻ, വൈദ്യരത്നം ഗവേഷണകേന്ദ്രം എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. യദു നാരായണൻ മൂസ് എന്നിവർ ധാരണാപത്രത്തിൽ ഒപ്പുവെച്ചു.

ജൂബിലി ഗവേഷണകേന്ദ്രം ഡയറക്ടർ ഡോ. വി. എം. വാസുദേവൻ, വൈദ്യരത്നം ആർ ആൻ ഡി മേധാവി ഡോ. ഷീലാ കാറളം, ഡോ. ദിലീപ് കെ. വിജയൻ, ഡോ. എൻ. വി. ശ്രീവത്സ്, ടി. എൻ. നീലകണ്ഠൻ, ഡോ. ജി. ആർ. ആശിഷ് തുടങ്ങിയവർ പ്രസംഗിച്ചു.

ജൂബിലി റിസർച്ച് കോ-ഓർഡിനേറ്റർ ഡോ. പി. ആർ. വർഗീസ് സ്വാഗതവും ഡോ. അലക്സ് ജോർജ് നന്ദിയും പറഞ്ഞു. ജൂബിലി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ബെന്നി ജോസഫ്, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, വൈസ് പ്രിൻസിപ്പൽമാരായ ഡോ. സി. വി. ആൻഡ്രൂസ്, ഡോ. പി. കെ. പദ്മകുമാർ, മെഡിക്കൽ സൂപ്രണ്ട് ഡോ. പി. സി. ഗിൽവാസ്, വൈദ്യരത്നം നഴ്സിങ്ങ് ഹോം മെഡിക്കൽ സൂപ്രണ്ട് ഡോ. സുധ തുടങ്ങിയവർ സംബന്ധിച്ചു.




# രക്തദാനവും പ്രഥമ ശുശ്രൂഷ പരിശീലനവുമായി വൈദികരും അൽമായരും

തൃശൂർ അതിരൂപത 25-ാം പാലയൂർ മഹാതീർത്ഥാടനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജുമായി സഹകരിച്ച് വൈദികരും അത്മായരുമടക്കം 25 പേർ രക്തദാനം നടത്തി.

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഡെമിൻ തറയിൽ ഉദ്ഘാടനം ചെയ്തു. ജനറൽ കൺവീനർ ഫാ. അജിത്ത് തച്ചോത്ത്, കെ. സി. വൈ. എം. അതിരൂപത ഡയറക്ടർ ഫാ. ലിൻസൻ തട്ടിൽ, ജോർജ് ചിറമ്മൽ, ജോജു മഞ്ഞില, ആന്റോ തൊറയൻ, എ. എ. ആന്റണി, ഡിൽജോ തരകൻ, ഡോ. നിത്യ, ഡോംസൺ സൈമൺ, നോബി മേനാച്ചേരി എന്നിവർ പ്രസംഗിച്ചു.

കോവിഡിന്റെ പശ്ചാത്തലത്തിൽ സന്നദ്ധ പ്രവർത്തകർക്ക് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ പ്രഥമ ശുശ്രൂഷ നൽകുന്നതിനുള്ള പരിശീലന പരിപാടി അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ ഉദ്ഘാടനം ചെയ്തു.

# Welcome to Jubilee Family

| | |
|---|---|
| Dr. Reni Benny | Physical Medicine & Rehablitation |
| Dr. Linu Baby | Anatomy |
| Dr. Veena G | Biochemistry |
| Dr. Sreedevi G | Forensic Medicine |
| Dr. Aadil Abdul Kareem | General Medicine |
| Dr. Amrutha John | Microbiology |
| Dr. Neena K C | Microbiology |
| Dr. Alex T Johnson | Orthopaedics |
| Dr. Neenu Elsin Thomas | Physiology |
| Dr. George K Varghese | Urology |
| Dr. Jiji K V | Ayurveda |
| Mr. Abhay Krishnan S | Cardiology |
| Mr. Enzin T P | Cardiology |
| Ms. Sylvia Treesa Sibi | Audiology & Speech Pathology |
| Ms. Keerthy T S | Ayurveda |
| Ms. Mehna C Rajan | Cardiac Surgery |
| Ms. Merin Joby | Paediatrics |
| Ms. Aiswarya K V | Patient Relations |

**TECHNICIAN-LAB-MICROBIOLOGY**

Ms. Jisna Johnson
Ms. Anu Antony
Ms. Devikrishna V S
Ms. Jesny George
Ms. Nimmy Thomas
Ms. Sneha Simon V
Ms. Merin Joby

## യാത്രാമംഗളങ്ങൾ.....



നാല്പതു വർഷത്തോളം ഓക്സിലറി നഴ്സിംഗ് വിഭാഗത്തിൽ സേവനമനുഷ്ഠിച്ചു വിരമിച്ച ശ്രീമതി ജാൻസി കെ വി ക്കു ജൂബിലി കുടുംബത്തിന്റെ ആശംസകൾ നേരുന്നു.




# MEDICAL 3D PRINTING

As any professionals we do primarily two things. Understand the problem and then solve the problem. Defining the problem is so important so that it makes the solution more precise, error free and easier. Here I am going to talk about how 3D printing is helping doctors define and solve diseases.

## What is 3D printing?

3D printing is also known as additive manufacturing. In our usual printing what happens is we scan a document and then print it out by a printer line by line. Here we scan an object and we print it layer by layer. We use a 3D scanner to scan the object and a 3D printer to print it layer by layer.

Mostly 3D printing is used by several companies for prototyping their products, to see how it appears and feels in their hands.

## Medical 3D printing

In medicine we have been doing 3D scans for past 3 decades using CT scans and MRI scans. Hence for the medical 3D printing we already have the data when we take the scan.

The data can be used to extract the required 3D models of the anatomical structures. And then feed it to the 3D printer via a process called slicing. After the printing, there will be post processing to remove the support parts .



## Applications

There are various applications in 3D printing. Based on several requirements, these are the few important uses:

## Pre Surgical Planning

Most of the imaging done for the fractures are seen in two dimensional screens, even though the body is in 3D. When there are some complicated fractures like fractures around the hip joint, 3D printing helps the surgeons to understand the fracture personality and also to plan the treatment. The surgeons get the 3D view of the fracture and get a tactile feedback.They can also calculate the screw length and the direction of the screw to be put before surgery. This can reduce the surgical time considerably. Also the 3D printed model can be shown to the patient and his/her relatives to explain the fracture.

## Surgical Instrumentation

Based on the CT scan data, fracture specific instruments can be printed out, that can aid in reducing the surgical complexities.

## Implants

When we buy dresses, we can buy either readymade or tailor made clothes. The tailor made will be more fitting to our body than the readymade clothes . The same can be applied when it comes to the implants we use for the patients. Using the 3D printing technology, custom implants can be tailor made specific to the patient, specific to the fracture.



## Prosthetics

We can make custom prosthetic limbs for the amputees by 3D scanning the limb and making the prosthetics specific to the limb. The advantage is that the prosthetic limbs can be very cheap compared to the ones in the market.

## 3D Bioprinting

Scientists have now started printing living organs using cells by using the 3D printing technology, also known as bioprinting. This can change the face of organ transplantation in the future. Organs like Ear, Cornea has already been printed and are in testing phase.

3D printing can revolutionise the medical field in the coming decades. Hopefully this technology can solve lot of problems in the medical field.

**Dr. Kurian Alappat**
Assistant Professor
Dept. of Orthopaedics



# അലോപ്പതിയും ആയുർവേദവും മിത്രങ്ങൾ

എന്റെ മകന്റെ രോഗം മാറ്റുക മാത്രമല്ല ജീവിതശൈലി തന്നെ മാറ്റിമറിച്ച അനുഭവങ്ങൾ പങ്കുവെക്കാനാണ് ഞാൻ ഇത് എഴുതുന്നത്. എന്റെ മകന്റെ ഫിസ്റ്റുല എന്ന അസുഖത്തിന്റെ ചികിത്സക്കായാണ് ഞങ്ങൾ ജൂബിലിയിൽ എത്തുന്നത്. ആദ്യമേ തന്നെ ചികിത്സക്കായി ഞങ്ങൾ മണ്ണുത്തിയിലുള്ള ഒരു ആയുർവേദ ആശുപത്രിയിലാണ്

JUBILEE MISSION MEDICAL COLLEGE
SERVICE WITH LOVE
Together,
We are the
Patient Experience !

പോയത്. പക്ഷെ പ്രത്യേകിച്ചു ഉപയോഗം ഒന്നും തന്നെ ഉണ്ടായില്ല. അതെ സമയം തന്നെ മകന്റെ കക്ഷത്തു ഒരു കുരു വളർന്നു വരികയും അത് അസ്വസ്ഥതയായി മാറുകയും ചെയ്തപ്പോൾ ഞങ്ങൾ ജൂബിലിയിലെ പ്ലാസ്റ്റിക് സർജൻ ഡോ. പ്രെദ്യോതിനെ കാണുകയും ഞങ്ങളുടെ ബുദ്ധിമുട്ട് അവതരിപ്പിക്കുകയും ചെയ്തു. ശസ്ത്രക്രിയ ചെയ്യേണ്ടി വരുമെന്ന് കരുതിയാണ് ഞങ്ങൾ ഡോക്ടറിനെ സമീപിച്ചത്. എന്നാൽ സർജൻ കൂടിയായ അദ്ദേഹം സർജറി വേണ്ടായെന്നും മരുന്ന് കൊണ്ട് തന്നെ എല്ലാം മാറ്റാൻ സാധിക്കുമെന്നും പറഞ്ഞു ഞങ്ങൾക്ക് ധൈര്യം നൽകി. ഒപ്പം തന്നെ ശരിയായ ആഹാര രീതിയല്ല മകൻ പിന്തുടരുന്നത് എന്ന് മനസിലാക്കിയ ഡോ. പ്രെദ്യോത് ഞങ്ങളോട് ജൂബിലി ആയുർവേദയിലെ ഡോ. സി. നിർലീനയെ കാണുവാൻ ആവശ്യപ്പെടുകയും ചെയ്തു. എല്ലാം വളരെ വിശദമായി

# Congrtulation



ലണ്ടനിലെ റോയൽ കോളേജ് ഓഫ് ഒബ്സ്റ്റട്രീഷ്യൻസ് ആൻഡ് ഗൈനക്കോളജിസ്റ്റ്സ് അംഗത്വത്തിനായുള്ള MRCOG പാർട്ട് 3 പരീക്ഷയിൽ വിജയം നേടിയ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ബ്രിജി എസ് പണിക്കറിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



ഇന്ത്യൻ സൊസൈറ്റി ഓഫ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ ആൻഡ് ഇമ്മ്യൂണോ ഹെമറ്റോളജിയുടെ നേതൃത്വത്തിൽ നടത്തിയ TRANSCON 2022ൽ പോസ്റ്റർ കോംപെറ്റീഷനിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം ബിരുദാനന്തര ബിരുദ വിദ്യാർഥിനി ഡോ. മാഗ്ലിൻ മോനിക്കക്ക്  ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ



## ജൂബിലി ഗവേഷണ കേന്ദ്രത്തിൽ പരിശീലനത്തിന് അവസരം

ജീവശാസ്ത്ര വിഷയങ്ങളിലുള്ള പി.ജി വിദ്യാർത്ഥികൾക്ക് മെയ് 16 മുതൽ രണ്ടാഴ്ച നീണ്ടുനിൽക്കുന്ന ഇന്റേൺഷിപ്പിന് തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഗവേഷണ വിഭാഗമായ ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ചിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ ഗവേഷണ വിഭാഗവുമായി ബന്ധപ്പെടുക.

---

ചോദിച്ചു മനസിലാക്കിയ സിസ്റ്റർ, Hydradenitis എന്ന അസുഖമാണ് എന്ന് കണ്ടെത്തുകയും ഞങ്ങളോട് എരിവും പുളിയും ഒഴിവാക്കാൻ ആവശ്യപ്പെടുകയും ശരിയായ ഭക്ഷണക്രമവും ദിനചര്യയും നിർദ്ദേശിക്കുകയും ചെയ്തു. ഒപ്പം തന്നെ ഏതാനും മരുന്നുകളും അവർ തന്നു. രണ്ടാമത്തെ കൂടിക്കാഴ്ചക്ക് ചെന്നപ്പോൾ തന്നെ വളരെ നല്ല രീതിയിൽ സുഖം പ്രാപിച്ചിരുന്നു. വലിയ സങ്കീർണതകൾ ഒന്നും ഇല്ലാതെ അലോപ്പതിയും ആയുർവേദവും ഒന്നിച്ചു ഉപയോഗിച്ച് പെട്ടെന്നുതന്നെ പൂർണമായും സുഖപ്പെടാനുള്ള സൗകര്യം ഒരുക്കി തന്ന ജൂബിലി മിഷൻ ആശുപത്രിക്കും അവിടത്തെ പ്രഗൽഭരായ ഡോക്ടർമാർക്കും  ഞങ്ങളുടെ ഒരായിരം നന്ദി.

**പേഷ്യന്റിന്റെ അമ്മ**

# ഭൗമസംരക്ഷണത്തിന് മാതൃക




ഭൂമിയുടെ സംരക്ഷണം ലക്ഷ്യമാക്കിയുള്ള ഭൗമദിനാചരണത്തിന്റെ ഈ വർഷത്തെ മുദ്രാവാക്യം 'Invest in our Planet' എന്നതാണ്.

മനുഷ്യന്റെ ഇടപെടലിനെ ആശ്രയിച്ചിരിക്കുന്നു ഭൂമിയുടെ നിലനിൽപ്പുതന്നെ. അംബരചുംബികളായ കെട്ടിടങ്ങൾ ഉയർന്നു വരുമ്പോൾ സ്വാഭാവികമായും ചൂടിനെ ആഗിരണം ചെയ്യുവാൻ ആവശ്യമായ വനങ്ങളും മറ്റു സസ്യാവരണങ്ങളും കുറയുന്നു. 'വൈദ്യുതക്കമ്മി' എന്ന യാഥാർത്ഥ്യവും 'ചാർജ് വർധന' എന്ന അനിവാര്യതയും പാരമ്പര്യേതര ഊർജ്ജ സ്രോതസുകളെ പൊതുവേയും സോളാർ വൈദ്യുതിയെ വിശേഷിച്ചും സജീവ പരിഗണനാ വിഷയമായിരിക്കുകയാണ്.

2016ലെ ഭൗമദിനത്തിലെ ലക്ഷ്യങ്ങളിലൊന്നായ 'ലോക വ്യാപകമായി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളെ ഉണർത്തുക' എന്ന ആശയത്തെ പ്രവർത്തി മണ്ഡലത്തിൽ കൊണ്ടുവന്ന് ജൂബിലി മിഷൻ ആശുപത്രിയും അതിൽ പങ്കുകാരായി. 2017 മുതൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ബ്ലോക്കിലും (332 KW) ജൂബിലി മിഷൻ നഴ്സിംഗ് കോളേജിലും (48 KW) തോട്ടത്തിൽ ലൈൻ ഗസ്റ്റ് ഹൗസിലും (10 KW) ആയി വൈദ്യുതി ഉൽപാദനത്തിനായി സോളാർ പ്ലാന്റ് വിജയകരമായി പ്രവർത്തിച്ചുവരുന്നു. പ്രതിദിനം 1500 യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാനും അതിലൂടെ ഒരു മാസത്തെ വൈദ്യു







തി ബില്ലിൽനിന്ന് മൂന്നര (3.5) ലക്ഷം രൂപ വരെ മിച്ചം വെയ്ക്കാനും
നമുക്ക് സാധിക്കുന്നു. സോളാർ എനർജിയുടെ മറ്റൊരു പ്രായോഗിക
മേഖലയായ സോളാർ പാനൽ ഉപയോഗിച്ചുള്ള സോളാർ ഹീറ്റർ
സംവിധാനവും ചൂടുവെള്ളത്തിനുള്ള സ്രോതസ്സായി ഹോസ്പിറ്റി
ലിലെ എല്ലാ ബ്ലോക്കിലും വിജയകരമായി പ്രവർത്തിച്ചുവരുന്നു.

പൂർവ്വികരിൽനിന്ന് പൈതൃകസ്വത്തായി ലഭിച്ചതും, ഭാവിതലമുറ
യിൽനിന്ന് കടം വാങ്ങിയതുമാണ് ഈ ഭൂമി എന്ന ആശയത്തെ ശിര
സ്സാവഹിച്ചുകൊണ്ട് ഭൗമ സംരക്ഷണ പ്രവർത്തനങ്ങളിൽ നമുക്കും
മുന്നണി പോരാളികളാകാം.

**ഷിനോജ് കെ. തട്ടിൽ**
മെയിന്റനൻസ് എഞ്ചിനീയർ
മെയിന്റനൻസ് ഡിപ്പാർട്ട്മെന്റ്



# Physical Medicine & Rehabilitation

വിട്ടുമാറാത്ത, കഠിനമായ അസുഖങ്ങൾ മാത്രമല്ല, നേരിയ തോതിലുള്ള ശരീര വേദനകളും ദീർഘകാലാടിസ്ഥാനത്തിൽ വൈകല്യത്തിനു കാരണമാകാറുണ്ട്. ഈ ആധുനിക സമൂഹത്തിൽ വൈകല്യത്തോടെ ജീവിക്കുക ഒട്ടും തന്നെ എളുപ്പമല്ല. ആധുനിക വൈദ്യശാസ്ത്രത്തിലെ ഒരു പ്രത്യേക വിഭാഗമായ Physical Medicine & Rehabilitation (PMR) എന്നത് ശാരീരിക അവശതകൾ ഉള്ളവരെ ചികിത്സിച്ച് അവശതകളെ വൈകല്യമായി മാറുന്നത് തടയുന്നു. പ്രായഭേദമന്യേ എല്ലാവർക്കും PMR വിഭാഗത്തിന്റെ കീഴിൽ ചികിത്സ തേടാവുന്നതാണ്. ഫലപ്രദമായ പുനരധിവാസത്തിലൂടെ ഓരോ രോഗിയേയും തങ്ങളുടെ ദൈനംദിന ജീവിതാവശ്യങ്ങൾ നിറവേറ്റുവാൻ പ്രാപ്തരാക്കുന്നതിനോടൊപ്പം അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു തിരികെ കൊണ്ടുവരാനും ഞങ്ങൾ ലക്ഷ്യമിടുന്നു.

കുട്ടികളിലുള്ള ceribral palsy, congenital muscular dystrophy, meningonyclocde മുതലായവയും മുതിർന്നവരിലുള്ള വിട്ടുമാറാത്ത നടുവേദന, കഴുത്തുവേദന, കാൽമുട്ടുവേദന, സന്ധിവേദന, സ്പോർട്സുമായി ബന്ധപ്പെട്ട പരിക്കുകൾ, നാഡീക്ഷതം, സ്ട്രോക്ക് (പക്ഷാഘാതം), ഉണങ്ങാത്ത മുറിവുകൾ, പ്രമേഹ പാദം, Amputation




എന്നീ രോഗങ്ങൾക്ക് PMR-ൽ ചികിത്സ തേടാവുന്നതാണ്. ന്യൂറോ, ഓർത്തോ, റുമറ്റോളജി പ്രശ്നങ്ങളുള്ള രോഗികളെ സ്വതന്ത്രമായ വേദനയില്ലാത്ത ജീവിതത്തിലേയ്ക്ക് കൈപിടിച്ച് ഉയർത്തുന്നതിനായി വിദഗ്ദ്ധ സ്പെഷ്യലിസ്റ്റുകളുടെ നേതൃത്വത്തിൽ അന്തർദേശീയ നിലവാരത്തിലുള്ള ചിലവു കുറഞ്ഞ പുനരധിവാസ ചികിത്സ പ്രയോജനപ്പെടുത്താവുന്നതാണ്. തലച്ചോറിന്റേയും സുഷുമ്നയുടേയും പ്രശ്നങ്ങൾക്കുള്ള ന്യൂറോ റീഹാബിലിറ്റേഷൻ, stroke rehabilitation എന്നീ സേവനങ്ങളും PMR വിഭാഗത്തിൽ ലഭ്യമാണ്.

മരുന്നുകൾ, കൃത്രിമ കൈകാൽ ഉപകരണങ്ങൾ, ചലനസഹായികൾ, ആധുനിക ഫിസിയോ തെറാപ്പി വിഭാഗം എന്നിവയുടെ ഉപയോഗത്താൽ പരുക്കിന്റെയോ, രോഗത്തിന്റെയോ ആദ്യദിവസം മുതൽ ശരിയായ Rehabilitation ആരംഭിക്കുന്നതോടെ രോഗത്തിന്റെ സങ്കീർണ്ണതകൾ തടയുവാൻ സാധിക്കും. ഇങ്ങനെ ഒരു രോഗിയെ ICUവിൽനിന്ന് സമൂഹത്തിലേക്ക് നയിക്കുവാൻ ജൂബിലി കുടുംബത്തിന്റെ നിർലോഭമായ പിന്തുണ പ്രതീക്ഷിക്കുന്നു.

**ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (PMR) വിഭാഗം**

# സാത്മ്യാഹാരം



സമീകൃതാഹാരം വേണ്ടതുണ്ട് എന്ന കാഴ്ചപ്പാട് പൊതുവെ ഇന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അന്നജം, മാംസ്യം, കൊഴുപ്പ്, ജീവകങ്ങൾ, മൂലകങ്ങൾ എന്നിങ്ങനെ എല്ലാം അടങ്ങിയതാണ് സമീകൃതാഹാരം എന്നത് ഏറെക്കുറെ എല്ലാവർക്കും ഇന്ന് അറിയാം. എന്നാൽ ഇവയെല്ലാം അടങ്ങുന്ന എല്ലാ വസ്തുക്കളും ഭക്ഷ്യയോഗ്യമല്ല. നമുക്ക് ചുറ്റുമുള്ള ഒട്ടുമിക്ക വസ്തുക്കളിലും ഇവതന്നെ ആണ് അടങ്ങിയിട്ടുള്ളത് എന്നു കരുതി അവയെല്ലാം ഭക്ഷ്യയോഗ്യമാകുന്നില്ലല്ലോ. ലോകത്ത് എല്ലാവർക്കും എല്ലാ ആഹാരവും - അത് സമീകൃതമാണെങ്കിൽ കൂടിയും ഒരു പോലെ, ഒരേ ഇഷ്ടത്തോടെ കഴിക്കാനാവില്ല. ചെറിയ യാത്രകൾ പോകുമ്പോൾ പോലും മറ്റൊരിടത്തെ ആഹാരം പലപ്പോഴും നമുക്ക് ഉൾക്കൊള്ളാൻ പ്രയാസമുണ്ടാവാറുണ്ട്. കൂടാതെ മാനസികമായി സന്തുലനാവസ്ഥയിൽ അല്ലെങ്കിൽ എത്ര പോഷകമൂല്യമുള്ള ആഹാരമായിരുന്നാലും ശരീരത്തിന് അത് വേണ്ടുംവിധം ഉപയോഗിക്കാനും ആവില്ല.

ഇത്തരത്തിൽ മനസ്സ്, ശരീരപ്രകൃതി, ഭക്ഷണത്തിനോടുള്ള ഇഷ്ടം, സംസ്കാരം തുടങ്ങിയവയെല്ലാം ഒരാൾ കഴിക്കേണ്ടുന്ന ആഹാരം ഏത് എന്നത് തീരുമാനിക്കുന്ന ഘടകങ്ങൾ ആണ്. ചുരുക്കത്തിൽ നേരത്തെ

പറഞ്ഞത് പോലെ സമീകൃത ആഹാരത്തിൽ നിന്നും അല്പം കൂടി മുന്നോട്ട് പോയി സാത്മ്യമായ ആഹാരം ആണ് ശരിയായ രീതി.

## എന്ത് കഴിക്കണം?

ഓരോ പ്രദേശത്തെ കാലാവസ്ഥക്ക് അനുസരിച്ച് അതത് പ്രദേശത്തുണ്ടാവുന്ന ഭക്ഷ്യവസ്തുക്കൾ ഉപയോഗിക്കുന്നത് ഏറെ നല്ലതാണ്. സാമ്പത്തിക വശങ്ങൾക്ക് പുറമെ, ഓരോ കാലാവസ്ഥയിലും ശരീരത്തിനുണ്ടാവാൻ സാധ്യതയുള്ള പ്രയാസങ്ങളെ മറികടക്കുന്നതിനും ഇത് ഏറെ സഹായിക്കും. 'ചക്കേം മാങ്ങേം മൂമാസം, ചേനേം ചേമ്പും മൂമാസം, താളും തകരേം മൂമാസം, അങ്ങനേം ഇങ്ങനേം മൂമാസം' എന്ന ചൊല്ല് കേരളത്തിന്റെ ഒരു വർഷത്തെ ഭക്ഷണക്രമത്തെയാണ് സൂചിപ്പിക്കുന്നത്. ആഗോളവൽക്കരണത്തിന്റെ ഭാഗമായി ലോകത്തെവിടെയുമുള്ള ഭക്ഷ്യവസ്തുക്കളും നമ്മുടെ നാട്ടിൽ ലഭിക്കുന്നതും സാങ്കേതിക വിദ്യയുടെ പുരോഗതിയിൽ എല്ലാ വസ്തുക്കളും എല്ലാ കാലത്തും ലഭിക്കുന്നതുമെല്ലാം നമ്മുടെ ഭക്ഷ്യസംസ്കാരത്തെ ഏറെ മാറ്റിമറിച്ചിട്ടുണ്ട്. സൂക്ഷ്മമായ വിശകലനത്തിൽ അത് ഗുണങ്ങൾക്കൊപ്പം ഏറെ ദോഷങ്ങളും വരുത്തിവെക്കുന്നുവെന്ന് കാണാം.

## എങ്ങനെ കഴിക്കണം?

മനസ്സറിഞ്ഞ് ആസ്വദിച്ച് തന്നെ വേണം ഭക്ഷണം കഴിക്കേണ്ടത്. സ്ക്രീനുകളിലും മറ്റും ശ്രദ്ധയൂന്നി ഭക്ഷണം കാണുകയോ അറിയുകയോ രുചിക്കുകയോ പോലും ചെയ്യാതെ വായിലേക്ക് തള്ളിവിടുന്ന ശീലം പരിശോധിക്കപ്പെടേണ്ടതുണ്ട്. അതത് കാലാവസ്ഥയ്ക്കും പ്രദേശത്തിനും സംസ്കാരത്തിനും അനുയോജ്യമായ സമീകൃത ഭക്ഷണക്രമം രൂപപ്പെടുത്തേണ്ടതും ശീലിപ്പിക്കപ്പെടേണ്ടതുമുണ്ട്.

## എപ്പോൾ കഴിക്കണം?

ഈ ചോദ്യത്തിന് രണ്ടു നേരം അല്ലെങ്കിൽ മൂന്നു നേരം എന്നൊക്കെ ഉത്തരങ്ങൾ ലഭിക്കുമെങ്കിലും, ശരാശരി കേരളീയൻ ചായയും ലഘുഭക്ഷണവുമടക്കം അഞ്ചോ ആറോ തവണയാണ് ഒരു ദിവസത്തിൽ ഭക്ഷണം കഴിക്കുന്നത്. ഇത് തിരുത്തപ്പെടേണ്ടതുണ്ട്. ഒരിക്കൽ കഴിച്ച ഭക്ഷണം പാകപ്പെടുത്തുന്നതിന് ശരീരത്തിന് സാവകാശം നൽകുക എന്ന തത്വം പ്രചരിപ്പിക്കപ്പെടേണ്ടതുണ്ട്. കൃത്യമായ ഇടവേളകളില്ലാതെ ശരീരത്തിലേക്കെത്തുന്ന ഭക്ഷണം ശരീരത്തിന് ഏറെ സമ്മർദ്ദം ഉണ്ടാക്കുന്നു. ഇത് പല തരത്തിലുമുള്ള അസുഖങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു.

**ഡോ. സി. നിർലീന**
കൺസൾട്ടന്റ്, ആയുർവേദ

Editorial Board
Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin CJ | Mr. Baby P A | Ms. Rakhi K B
Ms. Chippy K S | Ms. Mariya Tony | Mr. Joshi Paul

നമ്മളൊന്നായിനിയും മുന്നേറണം
നമ്മൾക്കൊന്നായിനിയും
നേട്ടങ്ങൾ കൈവരിക്കണം.




# OUR HOSPITAL IS NABH ACCREDITED

*Service With Love*

**JUBILEE MISSION**
**MEDICAL COLLEGE & RESEARCH INSTITUTE**